# പട്ടർകുളങ്ങര എൽ.പി.സ്കൂൾ

പി.ഒ. കായക്കൊടി, കുന്നുമ്മൽ ഉപജില്ല



# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 – 26 അദ്ധ്യയന വർഷം

പട്ടർകുളങ്ങര എൽ.പി.സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26 അദ്ധ്യയന വർഷം

## അക്കാദമിക മാസ്റ്റർ പ്ലാൻ
## പട്ടർകുളങ്ങര എൽ.പി.സ്കൂൾ

### ആമുഖം

കോഴിക്കോട് ജില്ലയിലെ കിഴക്കൻ മലയോരഗ്രാമമായ കായക്കൊടി പഞ്ചായത്തിലെ കുട്ടൂരിൽ 1929ൽ സ്ഥാപിതമായ വിദ്യാലയമാണ് പട്ടർകുളങ്ങര എൽ.പി.സ്കൂൾ. പേറാണ്ടിയിൽ കൃഷ്ണൻ മാസ്റ്ററുടെ ത്യാഗസമാനമായ പ്രവർത്തനത്തിലൂടെ നിലവിൽ വന്ന വിദ്യാലയം ഒട്ടനവധി ഗുരുവര്യന്മാരുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി വധികയങ്ങളിലൂടെ ഇന്നത്തെ നിലയിൽ എത്തി നിൽക്കുകയാണ്. 1989-90 കാലത്ത് ഓരോ ക്ലാസ്സിൽ രണ്ടും മൂന്നും ഡിവിഷനുകളും 278 വിദ്യാർത്ഥികളും ഇവിടെ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് 100ൽ താഴെ കുട്ടികളുമായി അതി ജീ വനത്തി ന്റെ പാതയിലാണ് നമ്മൾ വർഷങ്ങൾക്ക് മുമ്പ് പ്രീ പ്രൈമറി ആരംഭിച്ചത് തെല്ലൊരാശ്വാസമാവുകയാണ്. അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ കടന്നുകയറ്റവും പരിസര വിദ്യാലയങ്ങളിലെ പ്രലോഭനങ്ങളും കുട്ടികളുടെ കുറവിന് കാരണമാവുകയാണ്. ഈ അവസരത്തിൽ പൊതുവിദ്യാലയ സംരക്ഷണ യജ്ഞം നമ്മുടെ പോലുള്ള കൊച്ചു എയ്ഡഡ് വിദ്യാലയങ്ങളെ കൂടി സംരക്ഷിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം .

സാക്ഷരതയുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണെങ്കിലും ഗുണമേന്മയുടെ കാര്യത്തിൽ പിൻനിരയിലേക്ക് തള്ളപ്പെടുകയാണ്. ലോകത്തിലെ ഏത് പ്രായക്കാരായ വിദ്യാർത്ഥികളുമായി ഒപ്പം നിൽക്കാൻ പറ്റുന്ന തരത്തിൽ നിലവാരം ആർജിക്കാൻ കഴിയുക എന്നതായിരിക്കണം നമ്മുടെ കാഴ്ചപ്പാട്. അതിനായി പോരായ്മകൾ തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് മുന്നേറാൻ കഴിയണം. സ്വയം വിലയിരുത്തലിലൂടെ പ്രശ്നങ്ങൾ പരിഹരിച്ച് ഈ ലക്ഷ്യം ആർജ്ജിക്കുവാനാണ് സംസ്ഥാന ഗവൺമെന്റ് രൂപകൽപ്പന ചെയ്ത പൊതുവിദ്യാലയ സംരക്ഷണ യജ്ഞം ലക്ഷ്യമി ടുന്നത്. കുട്ടികളുടെ അക്കാദമിക നിലവാരം ഉയരണം, ശാരീരികക്ഷമത വർദ്ധിക്കണം, കലാ സാംസ്കാരിക പ്രവർത്തിപരിചയ സാദ്ധ്യതകൾ സമന്വയിപ്പിക്കണം, പ്രതിഭകളെ കണ്ടെത്തുകയും പ്രോ ത്സാഹിപ്പിക്കുകയും ചെയ്യണം. പ്രത്യേക പരിഗണന നൽകേണ്ടവർ, പഠന പിന്നോക്കാവസ്ഥയുള്ളവർ എന്നിവർക്കായി പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം. ആധുനിക സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. ഇതിലൂടെ ലോകോത്തരനിലവാരമുള്ള ഒരു സമൂഹം സൃഷ്ടിക്കായിരിക്കണം ഊന്നൽ നൽകേണ്ടത്. ഇതിനായി നിലവിലുള്ള പ്രക്രിയ സാമഗ്രികൾ, വിലയിരുത്തൽ, പരിഹാരബോധനം , മോണിറ്ററിംഗ്, ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം, അക്കാദമിക പിന്തുണ ഗവേഷണങ്ങൾ, സമൂഹ പങ്കാളിത്തം എന്നിവയൊക്കെ മെച്ചപ്പെടേണ്ടതുണ്ട്. നമ്മുടെ പ്രദേശത്തിനനുസരിച്ച് ഭൗതിക സാമൂഹ്യ പിന്തുണാ സംവിധാനങ്ങൾ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. കുട്ടികളുടെ സമഗ്ര വികസനമാണ് നമ്മുടെ അടിസ്ഥാന കാഴ്ചപ്പാട് കലാപരവും സർഗ്ഗാത്മകവും കായികവുമായ കഴിവുകൾ പഠന പ്രവർത്തനവുമായി ഉൾച്ചേർത്ത് വികസിപ്പിക്കണം. ജീവിത മൂല്യങ്ങളായ മതേതരത്വം, ജനാധിപത്യം, മാലിന്യമുക്ത അന്തരീക്ഷം, പ്രകൃതി സംരക്ഷണം, നീ തി പൂർവ്വമായ വിഭവ വിനിയോഗം, സുസ്ഥിര വികസന കാഴ്ചപ്പാട്, സഹജീവി സ്നേഹം, ശാസ്ത്രീയ മനോാവം തുടങ്ങി യവയുടെ കാഴ്ചപ്പാട് ഇഴചേർക്കൽ ആവശ്യമാണ്. ഇവ പ്രാവർത്തികമാക്കാൻ സർക്കാർ, സ്വയം ഭരണ സ്ഥാപനങ്ങൾ, എസ്.എസ്.എ, ഡയറ്റ്, എം.പി, എം.എൽ.എ, പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, സമൂഹം എന്നിവയുടെ ഏകോപനവും അനിവാര്യമാണ്.

## പരിമിതികൾ പ്രതിസന്ധികൾ

മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളതാണ് നമ്മുടെ വിദ്യാലയ പരിസരം. സ്കൂളിന്റെ ഫീഡിംഗ് ഏരിയയിൽ ഉണ്യത്താം കണ്ടി ഹരിജൻ കോളനി, പുളക്കണ്ടി ലക്ഷം വീട് കോളനി, നാവോട്ടുകുന്ന് കോളനി എന്നീ മൂന്ന് കോളനികൾ സ്ഥിതി ചെയ്യുന്നുണ്ട്. കർഷകരും കർഷകത്തൊഴിലാളികളും കൂലിപ്പണിക്കാരുമാണ് രക്ഷിതാക്കളിലേറെയും വീടുകളിൽ പരിമിതമായ സൗകര്യങ്ങളേ കുട്ടികൾക്ക് ലഭ്യമാകുന്നുള്ളൂ. ഈ താരതമ്യത്തിലൂടെ മാത്രമേ സ്കൂളിന്റെ അക്കാദമിക നിലവാരം വിലയിരുത്താൻ കഴിയൂ. എന്നാൽ പോലും 2024-25 വർഷത്തിൽ 5 കുട്ടികൾ മാത്രമേ പഠന വിടവ് നേരിടുന്നുള്ളൂ. സ്കൂളിന്റെ ഭൗതിക സാഹചര്യം ഏറെ മെച്ചപ്പെട്ടി ുണ്ട്. സൗകര്യപ്രദമായ ഒരു കെട്ടിടം ഇന്ന് നമുക്കുണ്ട്.

ഏറെ പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ട ഒരു പ്രധാന പ്രശ്നമാണ് വിവര സാങ്കേതിക വിദ്യയുടെ ലഭ്യത. KITE ന്റെ സഹായത്തോടെ 3 ലാപ് ടോപ്പും 2 പ്രൊജക്ടറും നമുക്ക് കിട്ടിയിട്ടുണ്ട്. എല്ലാ ക്ലാസിലും ഇവ നന്നായി ഉപയോഗിക്കുന്നുമുണ്ട്.

## നിലവിൽ അധ്യാപകർ

| ആവശ്യമുള്ളത് | നിലവിലുള്ളത് |
| --- | --- |
| 05 | 05 |

**കുട്ടികളുടെ എണ്ണം 2024-25**

| | |
| --- | --- |
| Std. I | 11+3 |
| Std. II | 3+12 |
| Std.III | 6+8 |
| Std. IV | 7+4 |
| ആകെ | 27+27=54 |

# വിവിധ പ്രവർത്തനങ്ങൾ

1. പിന്നോക്ക പരിഹരണം
2. കലാകായിക പ്രവർത്തി പരിചയം
3. ക്ലബ്ബ് പ്രവർത്തനങ്ങൾ
4. ജൈവ വൈവിധ്യ പാർക്ക്
5. പ്രതിഭാ പരിപോഷണം
6. ഭാഷാ, ഗണിതം, ഇംഗ്ലീഷ്, പരിസരപഠനം.
7. ക്ലാസ് ലൈബ്രറി പരിപോഷണം
8. I.C.T ലഭ്യമാക്കൽ
9. P.T.A, M.P.T.A, പൂർവ്വ വിദ്യാർത്ഥി
10. ജനാധിപത്യം, മൂല്യം സൃഷ്ടിക്കൽ, ബാല പാർലമെന്റ്, തെരഞ്ഞെടുപ്പ്, ജാഗ്രതാസമിതി
11. നീന്തൽ പരിശീലനം കുട്ടികൾക്ക്
12. സ്പോക്കൺ ഇംഗ്ലീഷ്

## I. പിന്നോക്ക പരിഹരണം

കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ ഒരു യാഥാർത്ഥ്യമായി നമ്മുടെ മുമ്പിലുണ്ട്. നമ്മുടെ വിദ്യാലയത്തെ സംബന്ധിച്ച് ഒരു പട്ടിക അനുബന്ധമായി കൊടുത്തിട്ടുണ്ട്. മുഴുവൻ വിദ്യാർത്ഥികളും മുഴുവൻ പഠനശേഷിയും ആർജ്ജിക്കുക എന്നതാണ് നമ്മുടെ പൊതു ലക്ഷ്യം. പല കാരണം കൊണ്ടും പിന്നോക്കാവസ്ഥയിലായ കുട്ടികളെയാണ് നമ്മൾ ഈ പ്രവർത്തനത്തിന് ലക്ഷ്യമാക്കുന്നത്. ഇത്തരത്തിലുള്ള കുട്ടികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ലക്ഷ്യം: പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ പൊതുധാരയിൽ എത്തിക്കുക.

സമയക്രമം:

| | | | |
|---|---|---|---|
| 1. | തെരഞ്ഞെടുപ്പ് | - | ജൂൺ രണ്ടാം വാരം |
| 2. | രക്ഷിതാക്കളുടെ യോഗം | - | ജൂൺ രണ്ടാം വാരം |
| 3. | കൈത്താങ്ങ് (ആരംഭം) | - | ജൂൺ അവസാന വാരം |
| 4. | സമയക്രമം | - | ക്ലാസ് റൂം പ്രവർത്തനത്തിൽ - അനുബന്ധ സമയത്ത് (ഒഴിവു സമയങ്ങളിൽ - ശനിയാഴ്ചകളിൽ) |
| 5. | ചുമതലകൾ | - | ക്ലാസ് ടീച്ചർ - S.S.G |
| 6. | മോണിറ്ററിംഗ് | - | പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് |
| 7. | വിലയിരുത്തൽ | | |
| 8. | പ്രഖ്യാപനം | - | ഓണപ്പരീക്ഷയ്ക്ക് മുമ്പ് |
| 9. | മാറ്റമില്ലാത്ത കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ | | |

P.T.A

M.P.T.A

H.M

S.R.G

## II. കലാ കായിക പ്രവർത്തി പരിചയം

കുട്ടികളുടെ സർവ്വതോന്മുഖമായ പുരോഗതിയാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. അക്കാദമിക പ്രവർത്തനങ്ങൾക്ക് അനുബന്ധമായി കലാ-കായിക പ്രവർത്തി പരിചയ മേഖലകളിൽ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കേണ്ടതായിട്ടുണ്ട്. ഇതിനുവേണ്ടി അടുത്ത അദ്ധ്യയനവർഷത്തേക്ക് പല പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

ലക്ഷ്യം 1. കുട്ടികളിലെ സർഗ്ഗാത്മകത കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

2. കായികശേഷി വളർത്തുക.

പ്രവർത്തന ക്രമം:-

| | | |
|---|---|---|
| തെരഞ്ഞെടുപ്പ് | - | ജൂൺ |
| കായിക പ്രവർത്തനങ്ങൾ | - | അദ്ധ്യയന വർഷാരംഭത്തിൽ |
| കല (ചിത്രരചന, കഥാരചന, കവിതാരചന, സംഗീത വാസന, കഥാകഥനം, കവിതാ ആലാപനം, അഭിനയം) | - | ജൂൺ, ജൂലൈ മാസങ്ങളിൽ |
| സമയം | - | അതാത് മാസങ്ങളിലെ ക്ലാസ് റൂം പ്രവർത്തനങ്ങളിലും സർഗ്ഗ വേളകളിലും മറ്റ് ഒഴിവ് സമയങ്ങളിലും |
| ചുമതല | - | ക്ലാസ് ടീച്ചർമാരും, S.S.G, P.T.A, പൂർവ്വ വിദ്യാർത്ഥി |

## II. ക്ലബ്ബ് പ്രവർത്തനങ്ങൾ

1. **സയൻസ് ക്ലബ്ബ്**
2. **സാമൂഹ്യശാസ്ത്ര ക്ലബ്ബ്**
3. **ഗണിതം, ഇംഗ്ലീഷ്, പ്രവൃത്തി പരിചയം, ശുചിത്വം, അറബിക്, പരിസ്ഥിതി, ഹരിത ക്ലബ്ബ്, വായന, സ്റ്റുഡന്റ് പോലീസ്.**

**ലക്ഷ്യം:-** **കുട്ടികളുടെ കഴിവിനും താല്പര്യത്തിനും അനുസരിച്ച് ക്ലബ്ബുകളിൽ ഉൾപ്പെടുത്ത് പ്രവർത്തനങ്ങൾ നടപ്പാക്കുക.**

സമയക്രമം:-

| | | |
|---|---|---|
| രൂപീകരണം | - | ജൂലൈ മാസം ആദ്യവാരം. |
| ചുമതലകൾ | - | S.R.G തീരുമാനിക്കുന്നത് പ്രകാരം. |

പ്രവർത്തനാസൂത്രണം:-

**ഓരോ ക്ലബ്ബും ചെയ്യേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.**

**ദിനാചരണങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ, അനുബന്ധവും സ്വാഭാവിക പ്രവർത്തനങ്ങൾ.**

## IV. ജൈവ വൈവിധ്യ പാർക്ക്

നമ്മുടെ വിദ്യാലയത്തിൽ നൂറോളം ഔഷധ സസ്യങ്ങളുള്ള ഒരു ഔഷധത്തോട്ടം ഇവിടെയുണ്ട്. ചെറിയ രീതിയിലുള്ള പച്ചക്കറിത്തോട്ടവും പൂന്തോട്ടവും ഇതോടൊപ്പമുണ്ട്. ഇത് കുട്ടികളുടെ പഠനത്തിന് ഉപകാരപ്പെട്ടതാണ്. അടുത്ത വർഷം മുതൽ രക്ഷിതാക്കളുടെ സഹായത്തോടെ ഒന്നു കൂടി മെച്ചപ്പെടുത്താൻ ഞങ്ങൾ ആലോചിക്കുന്നുണ്ട്. കൂടാതെ വിവിധതരം മരങ്ങൾ വെച്ചുപിടിപ്പിക്കാനും ഒരു ജൈവ വേലി നിർമ്മിക്കാനും പദ്ധതിയുണ്ട്. വിവിധതരം ജീവികളുടെ ആവാസ കേന്ദ്രമാക്കി മാറ്റാൻ ഇതുകൊണ്ട് സാധിക്കും. നമ്മുടെ വിദ്യാലയത്തിൽ നിന്നു തന്നെ വിവിധ തരം പക്ഷികളെയും പൂമ്പാറ്റകളെയും വൃക്ഷലതാദികളെയും അവയുടെ കൂടുകളെയും പരിചയപ്പെടാൻ കുട്ടികൾക്ക് അവസരം ലഭിക്കും.

പുതിയ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് കൃഷിയുടെ വിവിധ ഘട്ടങ്ങൾ കുട്ടികൾ മനസ്സിലാക്കേണ്ടതുണ്ട്. കുട്ടികൾക്ക് നേരിട്ട് കൃഷി രീതികൾ പരിചയപ്പെടുന്ന രീതിയിലാണ് നാം കഴിഞ്ഞ വർഷങ്ങളിൽ പച്ചക്കറിത്തോട്ടം ഒരുക്കിയത്. ചെറിയ കുട്ടികളായതു കൊണ്ട് തന്നെ വേണ്ട വിധത്തിൽ പരിപാലിക്കാൻ പ്രയാസപ്പെടുന്നുണ്ട്. വിദ്യാലയത്തിന്റെ സമീപത്തുള്ള രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും സഹായത്തോടെ മെച്ചപ്പെടുത്താൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഇവിടെ കൃഷി ചെയ്ത പച്ചക്കറികൾ കുട്ടികൾക്കു തന്നെ ഉച്ചഭക്ഷണത്തിന് നൽകാൻ സാധിച്ചിട്ടുണ്ട്. ഒന്നു കൂടി മെച്ചപ്പെടുത്തുകയാണെങ്കിൽ നമ്മുടെ മക്കൾക്ക് രാസവളവും കീടനാശിനിയും ചേർക്കാത്ത പച്ചക്കറികൾ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

## V. പ്രതിഭാ പരിപോഷണം

സർക്കാർ തലത്തിൽ മുഴുവൻ പൊതു വിദ്യാലയങ്ങളിലും പിന്നോക്കക്കാരുടെ മുന്നേറ്റത്തിനായി വിവിധ പരിപാടികൾ നടന്നു വരികയാണ്. അതിന്റെ ഭാഗമായി നമ്മുടെ വിദ്യാലയത്തിലും ശ്രദ്ധ, മലയാളത്തിളക്കം എന്നീ പരിപാടികൾ നടന്നു വരുന്നുണ്ട്. അതിലുപരിയായി ഞങ്ങൾ നടത്താൻ തെരഞ്ഞെടുത്ത ഒരു പരിപാടിയാണ് 'പ്രതിഭാ പരിപോഷണം'. ഓരോ ക്ലാസിലുമുള്ള പ്രതിഭകളായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകാനുള്ള പരിപാടിയാണ് ഇതിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നത്. ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികളെ ഒരു യൂണിറ്റായും മൂന്ന്, നാല് ക്ലാസ്സിലെ കുട്ടികളെ ഒരു യൂണിറ്റായും പരിഗണിച്ച് അവർക്കു വേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി നൽകുക എന്നതാണ് ഞങ്ങൾ തീരുമാനിച്ചത്. ഇതിനു വേണ്ടി പല പ്രവർത്തനങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഇതിൽ വിഷയാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തത്.

പ്രവർത്തനങ്ങൾ

ഭാഷ

ഒന്ന്, രണ്ട് ക്ലാസ്സുകളിലെ ഭാഷാ പ്രവർത്തനങ്ങളിൽ മികവു കാട്ടുന്ന കുട്ടികൾക്ക് അധിക പ്രവർത്തനങ്ങളായി ഭാഷാ കേളികൾ, വായ സാമഗ്രികൾ, പുസ്തകങ്ങൾ എന്നിവ ശേഖരിച്ച് നൽകുന്നു. ശേഖരണത്തിനായി കൊച്ചു കവിതകളും കഥകളും എഴുതി വരാനുള്ള നോട്ടും ക്ലാസ് റൂം ലൈബ്രറിയിലെ പുസ്തകങ്ങളും ഉപയോഗപ്പെടുത്താൻ തീരുമാനിച്ചു. മൂന്ന്, നാല് ക്ലാസ്സുകളിലെ നല്ല വായനക്കാരെ കണ്ടെത്തി അസംബ്ലിയിൽ വായിക്കാനും അവർ വായിച്ച കഥകളെപ്പറ്റി കുറിപ്പ് തയ്യാറാക്കാനും ആവശ്യപ്പെടുന്നു. ശേഖരണത്തിനായി പാഠഭാഗവുമായി ബന്ധമുള്ളതും അല്ലാത്തതുമായ ചെറിയ കവിതകളും, ജീവചരിത്ര കുറിപ്പുകളും ക്ലാസ് റൂം ലൈബ്രറിയിലെ നല്ല പുസ്തകങ്ങൾ എന്നിവ ഉപയോഗപ്പെടുത്താനും തീരുമാനിച്ചു.

**പൊതു വിജ്ഞാനം:-**

ഈ കുട്ടികൾക്ക് പൊതു വിജ്ഞാനത്തെ താൽപര്യമുണ്ടാക്കാൻ ആഴ്ചയിൽ കുറേ ചോദ്യങ്ങൾ നൽകുന്നു. ഉത്തരം അവർ സ്വയം കണ്ടെത്തിതരണം. ഇങ്ങനെ അൻപത് ചോദ്യവും ഉത്തരവുമാകുമ്പോൾ അവർക്കൊരു മത്സരം നടത്തി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചവർക്ക് സമ്മാനങ്ങൽ നൽകുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

വാരാന്ത ക്വിസ്:-

മുകളിൽ പറഞ്ഞതിന് പുറമെ ഒരാഴ്ചയിൽ പത്ത് ചോദ്യങ്ങൽ മാത്രം നൽകി അവരോട് ഉത്തരങ്ങൾ കണ്ടെത്തി വരാനും ഉത്തരങ്ങൾ ബോക്സിൽ നിക്ഷേപിക്കാനും രണ്ടാമത്തെ ആഴ്ചയിൽ അതിൽ നിന്ന് വിജയികളെ കണ്ടെത്തുകയും അസംബ്ലിയിൽ അനുമോദിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം തന്നെ വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടുള്ള ക്വിസ് പ്രോഗ്രം പരിപാടികളും നടത്തുന്നു. വായന, സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, പരിസ്ഥിതി, ശിശുദിനം.

## VI. ഭാഷ-ഗണിതം, ഇംഗ്ലീഷ്, പരിസര പഠനം:-

ഭാഷ (മലയാളം):-

മാതൃഭാഷ നന്നായി വായിക്കാനും എഴുതാനും പറയാനുമുള്ള അവസരമൊരുക്കുന്നതിന് ചില പ്രവർത്തനങ്ങളും ഞങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്.

വായന:-

ഓരോ ക്ലാസ്സിലെയും നിലവാരത്തിനനുസരിച്ച് എല്ലാവരെയും നല്ല വായനക്കാരാക്കുകയാണ് ഇതിന്റെ ലക്ഷ്യം. അതിന് വേണ്ടി ഓരോ ക്ലാസ്സിലും അനുയോജ്യമായ വായനാ സാമ

ഗ്രികൾ കൊടുക്കുക. കുട്ടികൾ വായിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ഓരോ ക്ലാസ്സ് ടീച്ചർമാരെയും ചുമതലപ്പെടുത്തുക. ചിത്ര പുസ്തകങ്ങളും ബാല മാസികകളും ക്ലാസ് ലൈബ്രറിയിൽ സജ്ജീകരിക്കുക. നല്ല വായനക്കാരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുക. നല്ല വായനക്കാരെ സ്കൂൾ അസംബ്ലിയിൽ വായിക്കാൻ അവസരം കൊടുക്കുകയും അഭിനന്ദിക്കുകയും ചെയ്യുക. മൂന്ന്, നാല് ക്ലാസ്സുകളിലെ കുട്ടികളെ കൊണ്ട് വായനാ കുറിപ്പ് തയ്യാറാക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുക.

കുട്ടികളിലെ സാഹിത്യ അഭിരുചി വളർത്തുന്നതിനു വേണ്ടി അവരുടെ രചനകൾ അസംബ്ലിയിൽ അവതരിപ്പിക്കുകയും അവരുടെ രചനകൾ ശേഖരിച്ച് (കവിത, കഥ, നാടകാവിഷ്കാരം) പുസ്തകമാക്കുകയും ചെയ്യുക. സർഗ്ഗ വേളകളിൽ ഇത്തരം കുട്ടികളുടെ പരിപാടികൾ ഉൾപ്പെടുത്തുക. ഇതിന്റെ കൂടെ തന്നെ പിന്നോക്കക്കാരെ പരിഗണിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. ക്ലാസ് ലൈബ്രറി സജ്ജീകരിക്കുകയും വായനാ മൂല ഒരുക്കുകയും ചെയ്യുക.

**ഗണിതം:-**

ഗണിതം രസകരമാക്കാനും ഗണിത ശേഷി വർദ്ധിപ്പിക്കാനും വേണ്ട് ഒന്ന്, രണ്ടാം ക്ലാസ്സുകളിൽ നിലവാരത്തിന് അനുസരിച്ച് ഗണിതപ്പാട്ടുകളും ഗണിത കേളികളും ഉൾപ്പെടുത്തും. മൂന്ന്, നാല് ക്ലാസ്സുകളിൽ ഗണിത പസിലുകളും കൂടുതൽ കുസൃതിക്കണക്കുകളും നൽകുക. ക്ലാസ് റൂം പ്രവർത്തനങ്ങളിൽ പ്രയാസം നേരിടുന്നവർക്ക് കൂടുതൽ സമയം കണ്ടെത്തി അവരെ മുന്നോട്ട് കൊണ്ടുവരാനും ശ്രമിക്കുക. ഗണിതോത്സവം പോലുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ഗണിത ലാബ് സജ്ജീകരിക്കുകയും ചെയ്യുക.

**ഇംഗ്ലീഷ്:-**

പൊതു വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ തന്നെ പല പരിപാടികളും നടന്നുവരുന്നുണ്ട്. ഇതിന്റെ ഭാഗമായിട്ടാണ് ഹലോ ഇംഗ്ലീഷ്, ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് അസംബ്ലി എന്നിവ നമ്മുടെ വിദ്യാലയത്തിലും നടന്നു വരുന്നു. ഇതിന് പുറമെ അടുത്ത വർഷം മുതൽ നമ്മുടെ സ്കൂളിലും പല പരിപാടികളും നടത്താൻ ഞങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സമ്മർ വെക്കേഷനിൽ കുട്ടികൾക്ക് വേണ്ടി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് സംഘടിപ്പിക്കാനും തീരുമാനിച്ചു. പ്രഗത്ഭരായ പൂർവ്വ വിദ്യാർത്ഥികളുടെ സഹായം ഇതിന് ഉപയോഗപ്പെടുത്തും. ഈ വിഷയത്തിൽ കഴിവുള്ള അദ്ധ്യാപകരെയും താൽപ്പര്യമുള്ള രക്ഷിതാക്കളെയും, പൂർവ്വ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് വർക്ക് ഷോപ്പ് സംഘടിപ്പിച്ച് ആവശ്യമായ വർക്ക് ഷീറ്റ് തയ്യാറാക്കുകയും അവ ക്ലാസ്സിൽ പ്രയോജനപ്പെടുത്തുകയും ചെയ്യും. മൂന്ന്, നാല് ക്ലാസ്സുകളിൽ ഇംഗ്ലീഷ് ഡയറി എഴുതാൻ പരിശീലനം നൽകും. കൂടാതെ ഇംഗ്ലീഷ് Proverbs, Riddles, Games എന്നിവ ഉൾപ്പെടുത്തി ഒരു കലക്ഷൻ പുസ്തകം ഉണ്ടാക്കും. ദിനാചരണ

വുമായി ബന്ധപ്പെട്ട ലഘു പ്രസംഗങ്ങൾ ക്ലാസ്സിലും അസംബ്ലിയിലും അവതരിപ്പിക്കു. അതോടൊപ്പം ന്യൂസ് റീഡിംഗ്, വായനക്കുറിപ്പ് തയ്യാറാക്കൽ, ഇംഗ്ലീഷ് അസംബ്ലി ഇവയും നടത്തും.

**പരിസര പഠനം:-**

**ശേഖരണം (ഇലകൾ, ചിത്രങ്ങൾ, സ്റ്റാമ്പുകൾ, നാണയങ്ങൾ, നിരീക്ഷണക്കുറിപ്പുകൾ) എന്നിവ ഉൾപ്പെടുത്താൻ തീരുമാനിച്ചു.**

സമയം - ക്ലാസ് റൂം പ്രവർത്തനങ്ങൾ പൂർത്തിയാക്കി ബാക്കി വരുന്ന സമയങ്ങൾ, മറ്റ് ഒഴിവ് സമയങ്ങളിലും

ചാർജ്ജ് - ഓരോ ക്ലാസ് ടീച്ചർമാരും.

## VII. ക്ലാസ് ലൈബ്രറി പരിപോഷണം

മൂന്ന്, നാല് ക്ലാസ്സിലെ കുട്ടികൾക്ക് ഇപ്പോ ഉം ക്ലാസ് ലൈബ്രറി നടന്നു വരുന്നുണ്ട്. ഇത് ഒന്നു കൂടി മെച്ചപ്പെടുത്താൻ പി.ടി.എ യുടെയും രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹായത്തോടെ പുസ്തകങ്ങൾ ശേഖരിച്ച് ലൈബ്രറി മെച്ചപ്പെടുത്തുന്നതാണ്. ഒന്നു കൂടി മെച്ചപ്പെടുത്താൻ അതാത് ക്ലാസ് ടീച്ചർമാർ ശ്രദ്ധ ചെലുത്തുന്നതാണ്.
എല്ലാ വെള്ളിയാഴ്ചകളിലും പുസ്തകങ്ങൾ എടുക്കുകയും അടുത്ത വെള്ളിയാഴ്ച തിരിച്ചേൽപ്പിക്കുകയും വേണം

പ്രവർത്തന ക്രമം:-

വേനലവധിക്ക് സ്കൂളിലെ ലൈബ്രറി പുസ്തകങ്ങൾ ഇനം തിരിച്ച് വെക്കുന്നു.

0 ക്ലാസ് ലൈബ്രറി വിതരണോദ്ഘാടനം - വായനാ ദിനത്തിൽ

0 പുസ്തക ശേഖരണം - രക്ഷിതാക്കളുടെ പങ്കാളിത്തം
Birth day യിൽ ഒരു പുസ്തകം

0 വായനാ മത്സരം - അമ്മ വായന, കുട്ടികളുടെ വായന

0 വായനാ കുറിപ്പ് - (നല്ല വായനക്കാരെ കണ്ടെത്തൽ)

0 സ്കൂളിൽ ഒരു അദ്ധ്യാപകനും ക്ലാസുകളിൽ ഒരു കുട്ടിക്കും ഇതിന്റെ ചുമതല നൽകിയിട്ടുണ്ട്

## VIII. I.C.T

വളരുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് I.C.T. നമ്മുടെ വിദ്യാലയത്തിൽ ഇതിന്റെ പോരായ്മകൾ അനുഭവപ്പെടുന്നുണ്ട്. പുതിയ വിദ്യാഭ്യാസ രീതി അനുസരിച്ച് പല പ്രവർത്തനങ്ങളും I.C.T. ഉപയോഗിച്ച് ചെയ്യേണ്ടതാണ്. ഇത് വേണ്ട രീതിയിൽ ചെയ്യാൻ ഞങ്ങൾക്ക് സാധിക്കുന്നില്ല. നിലവിലെ രണ്ട് കമ്പ്യൂട്ടറുകൾ പ്രവർത്തന ക്ഷമമല്ല. ഇതിന്റെ പോരായ്മ പരിഹരിക്കാൻ വേണ്ടി മാനേജ്മെന്റിന്റെയും P.T.A യുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹായം ഞങ്ങൾക്ക് ആവശ്യമാണ്.

## IX. P.T.A, M.P.T.A പൂർവ്വ വിദ്യാർത്ഥി, കോർണർ P.T.A

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ചുറ്റുപാടിലാണ് ഞങ്ങളുടെ വിദ്യാലയം സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് തന്നെ രക്ഷിതാക്കളിൽ പലരും സാമ്പത്തികമായി പിന്നോക്കം നിലക്കുന്നവരാണ്. എങ്കിലും സ്കൂളിന്റെ പ്രവർത്തനങ്ങളിൽ P.T.A യുടെ സാന്നിദ്ധ്യം സജ്ജീവമാണ്. ഇതു പോലെയാണ് സ്കൂളിലെ M.P.T.A യും പ്രവർത്തിക്കുന്നത്. മേളകളിൽ കുട്ടികൾക്ക് പരിശീലനം നൽകാനും കുട്ടികളെ മത്സര സ്ഥലങ്ങളിൽ എത്തിക്കാനും Mother P.T.A സജീവമായി പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ഉച്ചഭക്ഷണത്തിന് വേണ്ട സഹായം നൽകാനും Mother P.T.A മുൻപന്തിയിലാണ്

വിവിധ മേഖലകളിൽ ഉന്നത സ്ഥാനങ്ങളിൽ പഠിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന പൂർവ്വ വിദ്യാർത്ഥികൾ നമ്മുടെ വിദ്യാലയത്തിനുണ്ട്. തിരക്കുകളും മറ്റും പ്രയാസങ്ങൾ ഉള്ളതിനാൽ ഇവരെ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. അടുത്ത അദ്ധ്യയന വർഷം മുതൽ ഇവരെ കൂടി ഉൾപ്പെടുത്ത് ചെയ്യാവുന്ന പ്രവർത്തനങ്ങൾ ഞങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്.

## X. ജനാധിപത്യമൂല്യബോധനം

മാറി വരുന്ന സമൂഹത്തിൽ കുട്ടികളിൽ ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്. ജനാധിപത്യ രീതിയിലുള്ള തെരഞ്ഞെടുപ്പ് സമ്പ്രദായം മനസ്സിലാക്കാൻ വേണ്ടി സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ്, ക്ലാസ് ലീഡർ തെരഞ്ഞെടുപ്പ് എന്നിവ നടത്തി വരാറുണ്ട്. ഇത് പൂർണ്ണമായി കുട്ടികളുടെ നേതൃത്വത്തിലാണ് നടക്കാറുള്ളത്. ഇത് കൂടാതെ ആധുനിക രീതിയിലുള്ള വോട്ടിംഗ് സമ്പ്രദായം കുട്ടികൾ മനസ്സിലാക്കേണ്ടതിനാൽ ഈ രീതിയിലുള്ള വോട്ടിംഗ് സിസ്റ്റം അവർക്ക് നൽകാൻ ഞങ്ങൾ ആലോചിക്കുന്നുണ്ട്.

ബാല പാർലമെന്റ്:-

പാർലമെന്റ് സമ്പ്രദായങ്ങളെപ്പറ്റി ഒരു ധാരണ വരുത്താൻ വേണ്ടി സ്കൂളിലും അതേ രീതിയിലുള്ള ബാല പാർലമെന്റ് രൂപീകരിക്കാൻ ഞങ്ങൾ തീരുമാനിക്കുന്നുണ്ട്. കുട്ടികൾ തന്നെ മുഖ്യമന്ത്രിയും, വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരും സ്പീക്കറും ഉൾക്കൊള്ളുന്നതായിരിക്കും ഈ പാർലമെന്റ്. കുട്ടികൾ തന്നെ തെരഞ്ഞെടുത്ത മുഖ്യമന്ത്രിയും, മന്ത്രിമാരുമായിരിക്കും ഇതിൽ ഉണ്ടാകുക. ഒരു അദ്ധ്യാപകന് ഇതിന്റെ ചുമതല നൽകും. സ്കൂളിലെ കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും ഈ ബാല പാർലമെന്റിൽ ചർച്ച ചെയ്യും. ഇതുവഴി മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കാനാവശ്യമായ മൂല്യബോധം സൃഷ്ടിക്കപ്പെടും.

ആരോഗ്യകരമായ സ്ത്രീപുരുഷ വാസത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽതന്നെ കുട്ടികൾക്ക് ഉണ്ടാകേണ്ടതുണ്ട്. അതിന് ക്ലാസ്സുകളിൽ കുട്ടികളെ ഇടകലർത്തി ഇരുത്തിയും, എല്ലാ പ്രവർത്തനങ്ങളിലും തുല്യ പങ്കാളിത്വത്തോടെ ആൺകുട്ടികളെയും, പെൺകുട്ടികളെയും ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇപ്പോഴത്തെ ചുറ്റുപാടിൽ കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ ചർച്ച ചെയ്യാൻ സ്കൂളിൽ ഒരു ജാഗ്രതാ സമിതിയും നിലവിലുണ്ട്. കുട്ടികളുടെ പരാതികൾ/പ്രയാസങ്ങൾ അവർക്ക് നേരിട്ട് എഴുതി പരാതിപ്പെട്ടിയിൽ ഇടാനും ഇതിന് സ്കൂളിലെ ഹെഡ്മാസ്റ്റർക്കും, ഒരു അദ്ധ്യാപികയ്ക്കും ചുമതലയും നൽകിയിട്ടുണ്ട്.

## പ്രവർത്തനങ്ങൾ

**മേളകൾ**

1. കായിക മേള

   സാലിഹ്, രാജേന്ദ്ര ബാബു (അധ്യാപകർ ),

2. കലാമേള

   വൈഷ്ണ, ലഞ്ജിഷ, സാലിഹ് (അധ്യാപകർ ), സലീന, ലിനീഷ്, ജിനീഷ്, രവീന്ദ്രൻ തളീക്കര (SSG),

3. പ്രവൃത്തി പരിചയം

   അഖിൽ പി അശോക്, വൈഷ്ണ (അധ്യാപകർ ), നീതു, ലൈലേഷ്, ഷോളി ലതീഷ് (SSG).

4. ഗണിത ശാസ്ത്ര മേള

   അഖിൽ പി അശോക്, വൈഷ്ണ (അധ്യാപകർ ), ഷാനി വിനീഷ്, നീതു (SSG)

## തനത് പ്രവർത്തനങ്ങൾ

**1.ഔഷധത്തോട്ടം**

നിലവിലെ ഔഷധത്തോട്ടം കിളകൾ പറിച്ച് വൃത്തിയാക്കുകയും ജൈവ വേലി കെട്ടി സുരക്ഷിതമാക്കുകയും ചെയ്യുക. ഓരോ ചെടികൾക്കും നാട്ടിൽ അറിയപ്പെടുന്ന പേരും ശാസ്ത്രീയ നാമവും എഴുതി വെക്കുകയും, കുട്ടികളെ ഉപയോഗിച്ച് ഔഷധച്ചെടികൾനടലും വീടുകളിൽ നിന്നും മറ്റും വിവിധ തരം ചെടികൾ നടുക.

**2. പച്ചക്കറിത്തോട്ടം**

കൃഷി വകുപ്പിന്റെ സഹായത്തോടെ പച്ചക്കറി, ചേനകൃഷി തുടങ്ങിയവ സ്കൂൾ വളപ്പിൽ ഒരുക്കൽ.

**3. വിജ്ഞാനച്ചെപ്പ്**

1മുതൽ 4 വരെയുള്ള കുട്ടികൾക്ക് അടിസ്ഥാന വിവരങ്ങൾ ആർജിക്കാൻ വേണ്ടിയുള്ള പരിപാടികൾ നടത്തൽ.

a. ആഴ്ചയിൽ 10 ചോദ്യങ്ങൾ വീതം നൽകി മാസത്തിൽ സ്കൂൾ തല ക്വിസ് മത്സരം നടത്തുക. ഇതോടൊപ്പം ദിനാചാരണങ്ങളുമായി ബന്ധപ്പെട്ട ക്വിസുകളും കുട്ടികൾക്കും രക്ഷിതാക്കൾക്കും നടത്തൽ.

b. ഓറൽ ക്വിസ് :- പ്രീ പ്രൈമറി, 1 ക്ലാസ്സുകളിലെ കുട്ടികൾക്ക് വാചികമായ ക്വിസ് മത്സരം നടത്തൽ.

**4.** പിന്നാക്ക പരിഹരണം

പഠനവിടവ് അനുഭവപ്പെട്ട കുട്ടികൾക്ക് ഓരോ ക്ലാസിനനുസരിച്ച് പഠന പ്രവർത്തനങ്ങൾ നൽകുക. ഈ കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ച് വരുത്തി പ്രത്യേക നിർദേശങ്ങൾ നൽകൽ.

**5.** നാടിനെ അറിയൽ

സ്കൂളിന്റെ സമീപ പ്രദേശത്തെ പൊതു സ്ഥാപനങ്ങൾ കുട്ടികളും അധ്യാപകരും, പി ടി എ യും സന്ദർശിക്കുകയും അവ നിർവഹിക്കുന്ന ധർമ്മം കുട്ടികളെ നേരിൽ കണ്ടു ബോധ്യപ്പെടുത്തൽ. ഇതോടൊപ്പം അടുത്തുള്ള പ്രകൃതി മനോഹരമായ സ്ഥലങ്ങൾ ( കായക്കൊടി കുളാട്ടു, ആനായി പാറ, തോടുകൾ, കേളോത്, വാണിയ വയലുകൾ) എന്നിവ സന്ദർശിക്കൽ.

## 6. East English

ഇംഗ്ലീഷ് പഠനം ഒന്നുകൂടി മെച്ചപ്പെടുത്താൻ മാസത്തിലൊരിക്കൽ ഒരു Spoken English class നൽകാൻ തീരുമാനിച്ചു.

## 7. ഹായ് അറബി

അറബി പഠനം രസകരമാക്കാൻ ഈ വർഷം മുതൽ ഹായ് അറബി എന്ന പരിപാടി എല്ലാ ക്ലാസുകളിലും നടത്തൽ.

## 8. നീന്തൽ പരിശീലനം

സ്കൂളിന്റെ പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്ത് മുഴുവൻ കുട്ടി കൾക്കും, പി.ടി.എയുടെയും എസ്.എസ്.ജിയുടെയും സഹായത്തോടെ പ്രത്യേക ദിവസ ങ്ങളിൽ നീന്തൽ പരിശീലനം നടത്തൽ.

## 9. മധുരം മലയാളം

മലയാള ഭാഷയെ കൂടുതൽ അറിയാനും കൂടുതൽ രസകരമാക്കാനുമുള്ള വിവിധ പ്രവർത്തനങ്ങൾ നൽകൽ

പത്രവായന

ക്ലാസ് ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം/സമയം | ചുമതല/പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ വിദ്യാർത്ഥികളും മുഴുവൻ പഠനശേഷിയും ആർജ്ജിക്കുക. എന്നതാണ് ഈ പ്രവർത്തനത്തിന്റെ പൊതു ലക്ഷ്യം | 1. പിന്നോക്ക പരിഹരണം (കൈത്താങ്ങ്) | | | |
| | ○ തെരഞ്ഞെടുപ്പ് | ജൂൺ രണ്ടാം വാരം | Class Teacher | |
| | ○ രക്ഷിതാക്കളുടെ യോഗം | ജൂൺ രണ്ടാം വാരം | | |
| | കൈത്താങ്ങ് ആരംഭം | ജൂൺ അവസാന വാരം | Class Teacher | 2500/- |
| | ○ ക്ലാസ് റൂം പ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്നവർക്ക് അതാത് സമയത്ത് തന്നെ അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകൽ (1 മുതൽ 4 വരെ) | | Class Teacher/S.S.G | P.T.A<br>S.S.A<br>(പഠനോപകരണങ്ങൾ ലഘൂകരണം) |
| | ○ ഭാഷ: 1, 2 ക്ലാസ്സുകളിൽ ലളിതമായ വായനാ സാമഗ്രികൾ, ചിത്രകഥകൾ തുടങ്ങിയവ നൽകൽ 3, 4 ക്ലാസ്സുകളിൽ മലയാളത്തിളക്കം, ശേഷം ഈ പരിപാടികൾ | | Class Teacher<br>S.S.G<br>P.T.A | |
| | ○ ഗണിതം: 1, 2 ക്ലാസ്സുകളിൽ മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് എണ്ണൽ, ക്രിയകൾ ചെയ്യൽ 3, 4 ക്ലാസ്സുകളിൽ ലളിതമായ പ്രവർത്തനങ്ങൾ നൽകൽ. | | | |
| | മോണിറ്ററിംഗ് | അതാത് പ്രവർത്തന സമയങ്ങളിൽ | H.M<br>S.R.G കൺവീനർ | |

| | | | | |
|---|---|---|---|---|
| | വിലയിരുത്തൽ<br>പ്രഖ്യാപനം<br>മാറ്റമില്ലാത്ത് കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകൽ | പ്രവർത്തനങ്ങൾക്ക് ശേഷം<br>ഓണപരീക്ഷയ്ക്ക് മുമ്പ് | Class Teacher<br>Class Teacher, PTA, മെമ്പർ | -- |
| ● കുട്ടികളുടെ സർവ്വതോന്മുഖമായ പുരോഗതിയാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. അക്കാദമിക പ്രവർത്തനങ്ങൾക്ക് അനുബന്ധമായി കലാകായിക പ്രവൃത്തി പരിചയ മേഖലകളിൽ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. | 2. കലാകായിക പ്രവൃത്തി പരിചയം<br>1. തെരഞ്ഞെടുപ്പ്<br>2. കായിക പ്രവർത്തനങ്ങൾ കല (ചിത്രരചന, കഥ, കവിത, സംഗീതം, കവിതാലാപനം, അഭിനയം<br>3. കലാ കായിക രംഗത്ത് മികവ് തെളിയിച്ച രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവരെ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് ചിട്ടയായ പരിശീലനം നൽകൽ.<br>4. പ്രവൃത്തി പരിചയം. വിവിധ തൊഴിൽ മേഖലകളിൽ പ്രാവീണ്യം നേടിയ നാട്ടിലെ വ്യക്തികളെയോ, അദ്ധ്യാപകരെയോ, രക്ഷിതാക്കളെയോ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് പരിശീലനം നൽകൽ | ജൂൺ മാസം<br>അദ്ധ്യയന വർഷാരംഭത്തിൽ<br>ജൂൺ ജൂലൈ മാസങ്ങളിൽ<br>അതാത് മാസങ്ങളിലെ ക്ലാസ് റൂം പ്രവർത്തനങ്ങളിലും, സർഗ്ഗ വേളകളിലും മറ്റ് ഒഴിവ് സമയങ്ങളിലും<br>എല്ലാ മേളകൾക്കു മുമ്പായി | Class Teacher<br>S.S.G<br>P.T.A<br>പൂർവ്വ വിദ്യാർത്ഥി സംഘടനകൾ (O.S.A)<br>പൂർവ്വ വിദ്യാർത്ഥി വിരമിച്ച അദ്ധ്യാപകർ, തൊഴിൽ വിദഗ്ദ്ധർ | P.T.A<br>O.S.A<br>P.T.A |

| | | | | |
|---|---|---|---|---|
| ○ കുട്ടികളിൽ ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കാനും, പരീക്ഷണ, നിരീക്ഷണങ്ങളിലൂടെ സ്വയം, കാര്യങ്ങൾ, ഗ്രഹിക്കാനുമാണ് ഇത്കൊണ്ട് ഉദ്ദേശിക്കുന്നത്. | 3. **ക്ലബ്ബ് പ്രവർത്തനങ്ങൾ**<br><br>1. **സയൻസ് ക്ലബ്ബ്**<br>തെരഞ്ഞെടുപ്പ്: രൂപീകരണം<br>2. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക<br>3. സയൻസ് ലാബ് ഒരുക്കുക.<br>4. ശാസ്ത്ര പുസ്തകങ്ങൾ സംഘടിപ്പിക്കുകയും, ക്ലാസ് ലൈബ്രറിയിൽ ഒരുക്കലും.<br>5. ക്ലാസ് മത്സരം<br>6. ഓരോ വർഷാരംഭത്തിൽ തീരുമാനിക്കുന്ന മറ്റ് ........... | ജൂലൈ മാസം<br><br>അദ്ധ്യയന വർഷം മുതൽ അവസാനം വരെ. | Class Teachers<br>തെരഞ്ഞെടുത്ത കുട്ടികൾ<br><br>Class Teachers | P.T.A |
| സാമൂഹ്യ ശാസ്ത്ര അഭിരുചി വളർത്താനും താല്പര്യം ജനിപ്പിക്കാനുമാണ് ഈ ക്ലബ്ബ് കൊണ്ട് ഉദ്ദേശിക്കുന്നത്. | 2. **സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്**<br>തെരഞ്ഞെടുപ്പ് - രൂപീകരണം<br>2. ദിനാചരണവുമായി ബന്ധപ്പെട്ട് പരിപാടികൾ നടത്തുക.<br>3. ക്വിസ് മത്സരം നടത്തുക.<br>4. ചരിത്ര പുസ്തകങ്ങൾ ശേഖരിക്കുക.<br>5. ഫീൽഡ് ട്രിപ്പ് നടത്തുക. | Class Teachers<br>S.R.G തീരുമാനിക്കുന്ന അദ്ധ്യാപകരും | | P.T.A |

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ താല്പര്യം വർദ്ധിപ്പിക്കുക | **ഗണിതം**<br>രൂപീകരണം<br>ഗണിതലാബ് - ഒരുക്കൽ | ജൂലൈ മാസം | Teacher | |
| ഗണിത ശേഷി വർദ്ധിപ്പിക്കുക. | ഗണിത ക്വിസ്<br>ഗണിതോത്സവം സംഘടിപ്പിക്കുക.<br>ഗണിത പസിലുകൾ<br>ഗണിത പാട്ടുകൾ | ജൂലൈ മുതൽ മാർച്ച് വരെ | Teacher | Staff<br>P.T.A |
| കുട്ടികളിൽ ഇംഗ്ലീഷ് മെച്ചപ്പെടുത്താനും താല്പര്യം ഉണ്ടാക്കാനും. | **English Club**<br>രൂപീകരണം<br>• ഇംഗ്ലീഷ് അസംബ്ലി<br>• ഇംഗ്ലീഷ് ഫെസ്റ്റ്<br>• ഇംഗ്ലീഷ് വർക്ക്ഷോപ്പ്<br>• സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | ജൂലൈ<br>ജൂൺ മുതൽ മാർച്ച് വരെ | രാജേന്ദ്രബാബു<br>പൂർവ്വ വിദ്യാർത്ഥി<br>S.S.G | -- |
| കുട്ടികളിൽ ശുചിത്വ ബോധം വളർത്താനും വിദ്യാലയവും, വീടും, പരിസരവും വൃത്തിയായി സൂക്ഷിക്കാനുമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. | **ശുചിത്വ ക്ലബ്ബ്**<br>രൂപീകരണം<br>ദിവസവും വൃത്തിയാക്കൽ<br>ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരിക്കൽ<br>വിശേഷ ദിവസങ്ങളിലും, മറ്റും (ഗാന്ധിജയന്തി, ശിശുദിനം) സ്കൂൾ പരിസരം വൃത്തിയാക്കൽ | ജൂൺ മുതൽ മാർച്ച് വരെ<br>-- | Teacher<br>Cleaning Group<br>Teacher, ലീഡർമാർ | P.T.A<br>Staff |

| | | | | |
|---|---|---|---|---|
| സ്കൂളിലെ അച്ചടക്കബോധം വളർത്താൻ വേണ്ടിയും മൂല്യ ബോധവും വളർത്തിയെടു ക്കാൻ വേണ്ടിയും | <u>സ്റ്റുഡന്റ് പോലീസ്</u><br>രൂപീകരണം - മൂന്നിലേയും, നാലി ലേയും മിടുക്കരായ കുട്ടികളെ ഉൾപ്പെടു ത്തി) | ആഗസ്ത് മാസ ത്തിൽ | Teacher<br>H.M | -- |
| വിദ്യാലയത്തിൽ ഒരു പ്രകൃതി സൗഹൃദ അന്തരീക്ഷം ഉണ്ടാ ക്കിയെടുക്കാൻ വേണ്ടിയാണ് ഇത് ലക്ഷ്യമിടുന്നത്. | വൈവിധ്യ പാർക്ക്<br>ഉദ്ഘാടനം<br>• ഔഷധസസ്യങ്ങൾ<br>• പൂന്തോട്ടം<br>• ജൈവ വേലി<br>• വിവിധതരം തൈകൾ വെച്ച് പിടിപ്പി ക്കൽ | ജൂൺ 5<br>(പരിസ്ഥിതി ദിനം)<br>ദീർഘകാല അടിസ്ഥാന ത്തിൽ 4, 5 വർഷം | കൃഷി ഓഫീസർ<br>H.M<br>സന്നദ്ധ സംഘടന | 25,000/-<br>സന്നദ്ധ സംഘടന<br>മാനേജ്മെന്റ്<br>പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥി |
| | <u>ജൈവ പച്ചക്കറി കൃഷി</u><br>ഉദ്ഘാടനം<br>• വിവിധതരം പച്ചക്കറികളുടെ വിത്തു കൾ ശേഖരിക്കൽ<br>• സ്ഥലം ഒരുക്കൽ<br>• വളം ശേഖരിക്കൽ<br>• പരിപാലനം<br>• വിളവെടുപ്പ് | ആഗസ്ത് 15 ന് ശേഷം<br>രാവിലെ 9 മണി മുതൽ 10 വരെയും വൈകുന്നേരം 4 മണിക്ക് ശേഷവും | സാലിഹ് മാസ്റ്റർ<br>കൃഷിഭവൻ<br>കൃഷിഭവൻ<br>കുട്ടികൾ<br>പി.ടി.എ<br>" " | Teachers<br>രക്ഷിതാക്കൾ<br>കുട്ടികൾ<br>കൃഷിഭവൻ<br>സ്റ്റാഫ്, P.T.A<br>5,000/<br>" " |

| | | | | |
|---|---|---|---|---|
| ഓരോ ക്ലാസ്സിലുമുള്ള പ്രതിഭകളായ കുട്ടികളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യം | <u>പ്രതിഭാ **പരിപോഷണം**</u><br><br>1. **പ്രതിഭകളെ കണ്ടെത്തൽ**<br>2. I, II **ഒരു യൂനിറ്റായും**<br>III, IV **ഒരു യൂനിറ്റായും**<br>ഭാഷ:- (മലയാളം) ഭാഷ, **കേളികൾ,** വായന **സാമഗ്രികൾ, ചിത്ര പുസ്തകം, ശേഖരണ പുസ്തകം ഇവ** അധിക വായനക്കായി നൽകുന്നു.<br>III, IV നല്ല വായനക്കാരെ കണ്ടെത്താൻ **വായന കുറിപ്പുകൾ, ശേഖ**രണ പുസ്തകം.<br>3. **ജനറൽ നോളജ്**<br>4. **ആഴ്ചയിൽ പത്ത് ചോദ്യങ്ങൾ** നൽകി കുട്ടികൾ **ഉത്തരം** കണ്ടെത്തുക. പിന്നീട് മത്സരം നടത്തി സമ്മാനം നൽകൽ.<br>5. വാരാന്ത **ക്വിസ് സംഘടിപ്പിക്കൽ** (ദിനാചരണങ്ങളുമായി ബന്ധപ്പെട്ട്) | Class Time<br>ഒഴിവു സമയം<br>ഒഴിവു ദിവസങ്ങളിലും<br>ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് ശേഷവും<br>ഒഴിവു സമയങ്ങളിലും<br><br>സുഭാഷിണി ടീച്ചർ,<br>സാലിഹ് മാസ്റ്റർ | Class Teacher<br><br>Class Teacher<br><br>S.S.G<br>P.T.A<br><br>Teacher | |

| | | | | |
|---|---|---|---|---|
| | ഗണിതം<br>• ക്ലാസ് റൂം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ പ്രവർത്തന ങ്ങൾ നൽകൽ.<br>• ക്ലാസിന് അനുയോജ്യമായ ഗണിത പാട്ടുകൾ, ഗണിത ക്വിസ്സുകൾ, ഗണിത പസിലുകൾ ഗണിത കേളികൾ.<br>• Peer Teaching ഉപയോഗപ്പെടുത്തൽ | Class Room പ്രവർത്തന ങ്ങൾക്ക് ശേഷവും ഒഴിവു സമയങ്ങളിലും<br>Class Time | Class Teachers<br>Class Time | --<br>– |
| മാതൃഭാഷ നന്നായി എഴു താനും വായിക്കാനും കുട്ടി കളെ പ്രാപ്തരാക്കുക ഓരോ ക്ലാസ്സിലേയും നില വാരത്തിനനുസരിച്ച് എല്ലാവരെയും നല്ല വായന ക്കാരാക്കുക. | **ഭാഷാ, ഗണിതം, ഇംഗ്ലീഷ്, പരിസര പഠനം**<br>ഭാഷ:- 1. മെച്ചപ്പെട്ട ക്ലാസ് റൂം ലൈബ്രറി ഒരുക്കൽ<br>2. നല്ല വായനക്കാരെ കണ്ടെ ത്തൽ<br>3. വായനാക്കുറിപ്പ് തയ്യാ റാക്കൽ<br>4. കുട്ടികളിലെ സാഹിത്യാഭി രുചി വർദ്ധിപ്പിക്കൽ<br>5. നല്ല രചനകൾ അസംബ്ലി യിൽ അവതരിപ്പിക്കൽ | വർഷാരംഭം മുതൽ വർഷാവസാനം വരെ | Class Teacher | Staff<br>P.T.A |

| ചെക്ക് ലിസ്റ്റ് | പൂർണ്ണം | ഭാഗികം | ഇല്ല |
|---|---|---|---|
| ആമുഖം | ✓ | | |
| ലഘു ചരിത്രം | ✓ | | |
| അവസ്ഥാ വിശകലനം (ക്ലാസ് തരംതിരിച്ച്) | ✓ | | |
| പൊതു ലക്ഷ്യങ്ങൾ | ✓ | | |
| വിഷയമേഖലകൾ നിർണ്ണയിച്ച് ലക്ഷ്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് | ✓ | | |
| ഓരോ മേഖലയിലും നിജസ്ഥിതി രേഖപ്പെടുത്തിയിട്ടുണ്ട് | | ✓ | |
| ഓരോ മേഖലയിലും മികവുകളും പ്രശ്നങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട് | | ✓ | |
| പ്രശ്ന പരിഹരണത്തിനാവശ്യമായ പദ്ധതികൾ ഉണ്ട് | | ✓ | |
| ഓരോന്നിനും ഉപപ്രവർത്തനങ്ങൾ<br>കാലം, ചുമതല, സാമ്പത്തികം, മോണിറ്ററിംഗ് | | ✓ | |
| പ്രവർത്തനങ്ങൾ പ്രായോഗികത അനിവാര്യം ഉറപ്പാക്കിയിട്ടുണ്ട് | ✓ | | |
| പ്രവർത്തനങ്ങൾ തരം തിരിച്ചിട്ടുണ്ട്<br>(ഹ്രസ്വം, മധ്യമം, ദീർഘം) | ✓ | | |